**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4130** **03-03-2023 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം നിലവിൽ വന്നതിനുശേഷവും നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>**മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ജി.ഒ.(ആർ.ടി) നം .2566/2022/എൽ.എസ്.ജി.ഡി. തീയതി 22.10.2022 പ്രകാരം ഉത്തരവാകുകയും ആയതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിച്ചുവരുന്നു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച ലംഘനങ്ങൾ കണ്ടെത്തുകയും നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പിടിച്ചെടുക്കുകയും നിയമലംഘകരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യുക എന്നതാണ് ഈ സ്ക്വാഡിന്റെ പ്രധാന ലക്ഷ്യം. നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനും പൗര പങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള ആപ്പ് (എസ്.യു.പി. പബ്ലിക് ഗ്രീവൻസ് ആപ്പ്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കി വരുന്നു.** |
| (ബി) | എങ്കിൽ ഇവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>**മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ജി.ഒ.(ആർ.ടി) നം .2566/2022/എൽ.എസ്.ജി.ഡി. തീയതി 22.10.2022 പ്രകാരം ഉത്തരവാകുകയും ആയതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിച്ചുവരുന്നു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച ലംഘനങ്ങൾ** |

| | | | |
|---|---|---|---|
| | | | **കണ്ടെത്തുകയും നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പിടിച്ചെടുക്കുകയും നിയമലംഘകരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യുക എന്നതാണ് ഈ സ്ക്വാഡിന്റെ പ്രധാന ലക്ഷ്യം. നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനും പൗര പങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള ആപ്പ് (എസ്.യു.പി. പബ്ലിക് ഗ്രീവൻസ് ആപ്പ്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കി വരുന്നു.** |
| (സി) | സർക്കാർ നിരോധിച്ച ഏതെങ്കിലും തരം പ്ലാസ്റ്റിക് ക്യാരി ബാഗുകൾ തുടർന്നും ഉപയോഗിക്കുന്നതിന് ബഹു.ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ബഹു: കേരള ഹൈ കോടതി 10.01.2023-ലെ വിധി പ്രകാരം 60 ജി.എസ്.എമ്മിനും അതിനുമുകളിലും ഉള്ള നോൺ-വൂവൺ പ്ലാസ്റ്റിക് ബാഗുകൾക്ക് 2021-ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന (ഭേദഗതി) ചട്ടങ്ങൾ അനുസരിച്ച് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്ലാസ്റ്റിക് നിരോധനം പൂർണ്ണമായി നടപ്പാക്കുന്നതിന് സംസ്ഥാനത്തിന് നിയമനിർമ്മാണം നടത്താൻ സാധിക്കുമോ; വിശദമാക്കാമോ? | (ഡി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ